(ബി&സി) ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റും ഭരണാനുമതി ലഭിക്കേണ്ട പ്രവൃത്തികളുടെ ലിസ്റ്റും അനുബന്ധമായി ചേർത്തിരിക്കുന്നു * .

റിവർ മാനേജ്മെന്റ് ഫണ്ട്

145 (4431) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും കൊല്ലം ജില്ലയിൽ ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) നദീസംരക്ഷണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പേര്, അടങ്കൽത്തുക, നിലവിലുള്ള സ്ഥിതി എന്നിവ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഏറനാട് മണ്ഡലത്തിൽ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

146 (4432) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-2014 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അവയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ജലസേചന വകുപ്പ്: വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് നിയമസഭാ മണ്ഡലത്തിൽ "ഊർങ്ങാട്ടിരി പഞ്ചായത്തിൽ കിണറപ്പ് ഷൗക്കക്കടവിൽ ചെറുപുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം" എന്ന പ്രവൃത്തിക്ക് 25-4-2014-ലെ G.O.(Rt) No. 416/2014/WRD എന്ന ഉത്തരവ് പ്രകാരം 45 ലക്ഷം രൂപയുടെ ഭർണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി: 2013-14 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം 48 പ്രവൃത്തികൾക്ക് 75.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 32 എണ്ണം നടപ്പാക്കുകയും 16 എണ്ണം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 47.2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 15 പ്രവൃത്തികളിൽ 2 എണ്ണം ഉപേക്ഷിക്കുകയും നടപ്പാക്കിയ 13 പ്രവൃത്തികൾക്ക് നാളിതുവരെ 17.84 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂജല വകുപ്പ്: വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് രണ്ട് മിനി കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവ രണ്ടും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥലം	പഞ്ചായത്ത്	നിയോജക മണ്ഡലം	സ്കീം	ചെലവഴിച്ച തുക
1	വലിയാറകുണ്ട്	കുഴിമണ്ണ	ഏറനാട്	മിനി കുടിവെള്ള പദ്ധതി	3,26,769
2	ഉള്ളുപറമ്പ് 4 സെന്റ് കോളനി	ഊർങ്ങാട്ടിരി	ഏറനാട്	മിനി കുടിവെള്ള പദ്ധതി	4,05,122

ശുദ്ധജല വിതരണ പദ്ധതികൾ

147 (4433) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികൾ നബാർഡ് ധനസഹായത്തിനായി സമർപ്പിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) എപ്പോഴാണ് നബാർഡിന് പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ചതെന്നും നബാർഡ് അംഗീകാരം ഇതിനോടകം ലഭിക്കുകയുണ്ടായോ. എന്നും ഏതെല്ലാം പദ്ധതികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?